**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 141** **23-01-2025 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് ഫയർ സ്റ്റേഷൻ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പുതുക്കാട് ഫയർ സ്റ്റേഷൻ നവീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | 06.01.2011-ൽ ആരംഭിച്ച പുതുക്കാട് ഫയർ & റെസ്ക്യൂ സ്റ്റേഷൻ 25.09.2012 മുതൽ പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ പ്രവർത്തിച്ചു വരികയാണെന്നതിനാൽ കെട്ടിടം നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത ഫയർ സ്റ്റേഷനിൽ ഫയർമാൻ, ഫയർമാൻ ഡ്രൈവർ തസ്തികകളിലെ ഒഴിവുകളിൽ നിയമനം നടത്തുന്നതിനും എം.ടി.യു., ആംബുലൻസ്, ജീപ്പ് എന്നിവ പുതുതായി അനുവദിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത ഫയർ സ്റ്റേഷനിൽ ഫയർ മാൻ, ഫയർമാൻ (ഡ്രൈവർ) എന്നീ തസ്തികകളിൽ നിലവിലുള്ള ഓരോ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആവശ്യകത, മുൻഗണന, ഫണ്ടിന്റെ ലഭ്യത എന്നിവ പരിഗണിച്ചാണ് പുതിയ എം.ടി.യു, ആംബുലൻസ്, ജീപ്പ് എന്നിവ അനുവദിക്കുന്ന വിഷയത്തിൽ നടപടികൾ കൈക്കൊള്ളുന്നത്. |

സെക്ഷൻ ഓഫീസർ